ശ്രീ. രാഘവൻ പൊഴക്കടവിൽ : അത് മലയോര പ്രദേശവും ആദിവാസി പ്രദേശവുമാണെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേന്ദ്ര ഗവൺമെന്റിൽ ആ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീമതി എം. കമലം : സംസ്ഥാന ഗവൺമെന്റ് അത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട് ; ലിസ്റ്റിലും ഒല്ലൂക്കര ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് പുതുക്കി നിശ്ചയിച്ച ഷെഡ്യൂൾ റേറ്റുകൾ

* 197. [217] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പ് ഏറ്റവും ഒടുവിലായി ഷെഡ്യൂൾ റേറ്റുകൾ പുതുക്കി നിശ്ചയിച്ചത് എന്നാണ് ;

(ബി) ഇതനുസരിച്ച് ജോലികൾ നടത്തുന്നതിന് ബുദ്ധിമുട്ടാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ റേറ്റുകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) :

(എ) 1-10-1986-ൽ.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഷെഡ്യൂൾ പുതുക്കൽ പ്രാബല്യത്തിൽ വരുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : അത് മുൻകൂട്ടി പറയാൻ സാധിക്കുകയില്ല ; നടപ്പിൽ വന്നതിനുശേഷമേ അറിയാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. പി. പ്രഭാകരൻ : പൊതുമരാമത്ത് ഷെഡ്യൂൾ നിശ്ചയിക്കുന്ന വേജ് റേറ്റ് ഇന്ന് നാട്ടിൽ നടപ്പിലുള്ളതിനേക്കാൾ പകുതികണ്ടാണ്. അതിന്റെ ഫലമായിട്ട് ഇപ്പോൾ ടെണ്ടർ വച്ചാലും 80-85 ശതമാനത്തിനുമേൽ ടെണ്ടർ വയ്ക്കുന്നു. അറിഞ്ഞുകൊണ്ടു തന്നെ ഇത്തരത്തിൽ ഷെഡ്യൂൾ നിശ്ചയിക്കുന്നതിന്റെ യുക്തി എന്താണ് ? ഇത് അഴിമതിക്ക് കൂടുതൽ പ്രോത്സാഹനം കൊടുക്കുകയല്ലേ ഉള്ളൂ.

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : ആ അപര്യാപ്തത അറിഞ്ഞുകൊണ്ടാണ് പുതിയ ഷെഡ്യൂൾ ഉണ്ടാക്കിയത്. 1982-ലെ ഷെഡ്യൂളാണ് ഇപ്പോൾ നിലവിലുള്ളത്. ആ റേറ്റ് പ്രകാരമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നാട്ടിൽ നിലവിലുള്ള റേറ്റിന്റെ പകുതിപോലും ഇല്ല എന്ന്. അത് റിവൈസ് ചെയ്യാനാണ് 1986 ഒക്ടോബർ ഒന്നിന് പുതിയ റേറ്റ് കൊണ്ടുവന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ : നാട്ടിൽ നിലവിലുള്ളതിനേക്കാൾ കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : അതാണ് ഞാൻ ചന്ദ്രമോഹനന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. അത് പ്രത്യേകമായി അറിയണമെങ്കിൽ നടപ്പിൽ വന്നതിനു ശേഷമേ സാധിക്കുകയുള്ളു എന്ന്.

ശ്രീ. കെ. ടി. കണ്ണാരൻ : ഷെഡ്യൂൾ പുതുക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള കോൺട്രാക്ടർമാരുടെ ശല്യം ഒഴിവാക്കാൻ പി. ഡബ്ലിയു. ഡി. വർക്കുകൾ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മാത്രം കൊടുക്കുവെന്ന നയം സ്വീകരിച്ചാൽ സഹായകരമായിരിക്കുകയില്ലേ ?

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : അങ്ങനെയൊരു നയം വളരെക്കാലം മുമ്പുണ്ടായിരുന്നു. എല്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റികളും കാര്യക്ഷമമായി പ്രവർത്തിക്കാത്തതുകൊണ്ട് ഇപ്പോൾ പേരിന് ഒന്നുരണ്ട് സൊസൈറ്റികൾ മാത്രമേയുള്ളു.

ശ്രീ. കെ. ടി. കണ്ണാരൻ : ഒരു നയമെന്ന നിലയിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കാനും കോൺട്രാക്ടർമാരുടെ നീരാളി പിടുത്തത്തിൽ നിന്ന് ഒഴിവാക്കാൻ ഉതകുന്നവിധത്തിൽ സൊസൈറ്റികൾക്ക് പ്രാധാന്യം കൊടുക്കാനും തയ്യാറാകുമോ ?

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : അങ്ങനെയൊരു നയം അടിയന്തിരമായി സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. കോൺട്രാക്ടർമാരെ നിശ്ശേഷം ഒഴിവാക്കുകയെന്നുള്ളത് പ്രായോഗികമല്ല.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : പുതിയ റേറ്റിനെ സംബന്ധിച്ച് കോൺട്രാക്ടർമാരിൽ നിന്ന് എന്തെങ്കിലും പ്രതികരണമുണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : പുതിയ റേറ്റിനെ സംബന്ധിച്ച് പ്രതികരണം അറിവായിട്ടില്ല. പഴയ റേറ്റ് പുതുക്കണമെന്നുള്ള പ്രതികരണമായിരുന്നു ഉണ്ടായിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് പുതുക്കിയത്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : അത് നടപ്പിലാക്കിത്തുടങ്ങി എന്നു പറഞ്ഞു. അതിന്റെ പ്രത്യാഘാതം അറിയണമെന്നുണ്ടെങ്കിൽ കാത്തിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. അത് നടപ്പിലാക്കിയോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഒക്ടോബർ ഒന്നിന് ആണ് അത് നിലവിൽ വന്നത്. അതിന്റെ അടിസ്ഥാനത്തിൽ വർക്ക് ടെണ്ടർ ചെയ്യാൻ വിളിച്ചുകഴിഞ്ഞിട്ടില്ല. ടെണ്ടർ വിളിച്ചുകഴിഞ്ഞാലെ കോൺട്രാക്ടർമാരുടെ അഭിപ്രായം അറിയാൻ സാധിക്കുകയുള്ളു.

ഇലക്ട്രോണിക്സ് പരിശീലനത്തിനുള്ള ദേശീയ ഇൻസ്റ്റിറ്റ്യൂട്ട്

* 198. [218] ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. എം. അബൂബക്കർ :
,, കെ പി. എ. മജീദ് :
,, പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് പരിശീലനത്തിനായി രൂപീകരിച്ചിട്ടുള്ള ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചുമതല ആർക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly